# തട്ടിക്കൊണ്ട് പോയി കവർച്ച - കേസിലെ പ്രതി പിടിയിൽ

മലപ്പുറം (07.04.2017) : വേങ്ങര പോലീസ് സ്റ്റേഷൻ പരിധിയിൽ ബൈക്ക് യാത്രികനെ തട്ടിക്കൊണ്ട് പോയി ലക്ഷക്കണക്കിന് രൂപ കവർന്ന കേസിൽ ഒരാളെ എടക്കര CI പി.കെ. സന്തോഷിൻെറ നേതൃത്വത്തിലുള്ള മലപ്പുറം പോലീസ് സ്പെഷ്യൽ സ്ക്വാഡ് സാഹസികമായി അറസ്റ്റ് ചെയ്തു.

ഇടുക്കി രാജാക്കാട് സ്വദേശി റിജോ ജോർജ് (28 വയസ്സ്) എന്നയാളാണ് പോലീസ് പിടിയിലായത്.

കഴിഞ്ഞ വർഷം ആദ്യത്തിലാണ് കേസിനാസ്പദമായ സംഭവം. ബൈക്കിൽ പോവുകയായിരുന്ന വേങ്ങര സ്വദേശിയായ യുവാവിനെ പ്രതികൾ ബോലെറോ ജീപ്പ് കൊണ്ട് ഇടിച്ച് വീഴ്ത്തി ജീപ്പിൽ കയറ്റിക്കൊണ്ട് പോയി ലക്ഷക്കണക്കിന് രൂപ കവർന്നെടുത്ത കാര്യത്തിന് വേങ്ങര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ മലപ്പുറം CI ആണ് അന്വേഷണം നടത്തുന്നത്. മുമ്പ് പല തവണ പോലീസ് ഇയാളെ തേടിയെത്തിയെങ്കിലും ഇയാൾ പോലീസ് സാന്നിദ്ധ്യം മണത്തറിഞ്ഞ് രക്ഷപ്പെടുകയാണ് പതിവ്. ഏറെ കാലമായി ഒളിവിലായിരുന്ന ഇയാളെ പോലീസ് നിരീക്ഷിച്ച് വരികയായിരുന്നു. അടുത്ത കാലങ്ങളിൽ സമാനമായ പല കേസുകളും രജിസ്റ്റർ ചെയ്തതിൽ ഇയാൾക്ക് പങ്കുണ്ടോ എന്നത് പരിശോധിച്ച് വരികയാണ്.

മലപ്പുറം ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹറയുടെ നിർദ്ദേശപ്രകാരം എടക്കര CI പി.കെ. സന്തോഷിൻെറ നേതൃത്വത്തിൽ മലപ്പുറം എസ്.ഐ ബിനു. ബി.എസ്, കരുവാരകുണ്ട് എസ്.ഐ ജ്യോതീന്ദ്രകുമാർ, സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളായ എസ്.എ. മുഹമ്മദ് ഷാക്കിർ, എൻ.എം. അബ്ദുല്ല ബാബു എന്നിവരാണ് പ്രതിയെ പിടികൂടിയത്.